# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മാർച്ച് 28**

---

## ആശയങ്ങൾ സംരംഭങ്ങളാക്കാം; ബിഗ് ഐഡിയ കോംപെറ്റീഷനുമായി എംജിയുഐഎഫ്

*ക്രിയാത്മക ആശയങ്ങളെ സംരംഭങ്ങളാക്കി വികസിപ്പിക്കുന്നതിന് വിദ്യാർഥികൾക്കും അധ്യാപകർക്കും അവസരമൊരുക്കി എം.ജി സർവകലാശാലാ ഇന്നവേഷൻ ഫൗണ്ടേഷന്റെ ബിഗ് ഐഡിയ കോംപെറ്റീഷൻ. വളർന്നുവരുന്ന സംരംഭകർക്ക് പിന്തുണ ഉറപ്പാക്കുന്നതിനാണ് രാഷ്ട്രീയ ഉച്ചത്തർ ശിക്ഷ അഭിയാന്റെ(റൂസ 2.0) സാമ്പത്തിക പിന്തുണയോടെ മത്സരം നടത്തുന്നത്.*

*ആശയ രൂപീകരണം, രൂപകൽപ്പന, പ്രോട്ടോടൈപ്പ് വികസനം എന്നിവയ്ക്കായി രണ്ടു ലക്ഷം രൂപവരെയാണ് ഇതിന്റെ ഭാഗമായി ഗ്രാന്റ് ലഭിക്കുക. തിരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങൾ അവതരിപ്പിക്കുന്നവർക്ക് എംജിയുഐഎഫിൽ മൂന്നു വർഷത്തെ ഇൻകുബേഷൻ സൗകര്യം, പേറ്റന്റ് രജിസ്ട്രേഷൻ, സീഡ് ഫണ്ടിംഗ്, നിക്ഷേപകരുമായി സംവദിക്കുന്നതിനുള്ള അവസരം, വിപണി വിദഗ്ധരുടെ മാർഗനിർദേശങ്ങൾ എന്നിവ ലഭിക്കും.*

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ നിലവിലെ വിദ്യാർഥികൾക്കും അധ്യാപകർക്കും പങ്കെടുക്കാം. കഴിഞ്ഞ രണ്ടുവർഷക്കാലം സർവകലാശാലയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചവരെയും പരിഗണിക്കും. മറ്റു പദ്ധതികളിൽ എംജിയുഐഎഫ് ഫണ്ട് ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല.*

*ഏപ്രിൽ 16 വരെ ആശയങ്ങൾ സമർപ്പിച്ച് രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾ* https://www.mgu.ac.in, https://incubation.mguif.com/site/idea_fest/ *എന്നീ വെബ് സൈറ്റുകളിൽ. ഫോൺ- 8078010009.*

*(പി.ആർ.ഒ/39/1438/2025)*

## എം.ജി സർവകലാശാലയിലെ ഗവേഷകയ്ക്ക് പുരസ്കാരം

*ന്യൂഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നടന്ന ഇന്ത്യൻ സൊസൈറ്റി ഓഫ് എക്സ്ട്രാ സെല്ലുലാർ വെസിക്കിൾസ് പ്രാരംഭ സമ്മേളനത്തിൽ(ഇൻസെവ് ഇവോൾവ് 2025) മികച്ച പോസ്റ്റർ അവതരണത്തിനുള്ള മൂന്നാം സ്ഥാനം മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഗവേഷക വിദ്യാർഥിനിക്ക്.*

*തലപ്പാടിയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ബയോമെഡിക്കൽ റിസർച്ചിലെ പി. നീതുവാണ് ഡോ. ബ്ലെസി എം. മാണിയുമായി ചേർന്നു തയ്യാറാക്കിയ അവതരണത്തിന് പുരസ്കാരം നേടിയത്. ഐയുസിബിആറിൽ ഡോ. ഉഷ രാജമ്മയുടെ മേൽനോട്ടത്തിൽ ഗവേഷണം നടത്തിവരികയാണ് നീതു.*

ഫോട്ടോ ക്യാപ്ഷൻ..

*പി. നീതു*

*(പി.ആർ.ഒ/39/1439/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ എംഎ ഹിസ്റ്റോറിക്കൽ സ്റ്റഡീസ് (2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ റീഅപ്പിയറൻസ്, ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 11 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

................

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎ ഹിന്ദി, എംഎസ്സി ബയോസ്റ്റാറ്റിക്സ്, എംഎസ്സി പ്ലാൻറ് ബയോടെക്നോളജി, എംസ്സി ഓപ്പറേഷൻസ് റിസർച്ച് ആൻറ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, എംഎസ്സി ഫിഷറി ബയോളജി ആൻറ് അക്വാകൾച്ചർ (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 11 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

................

*അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎ, എംഎസ്സി, (2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും, 2020 അഡ്മിഷൻ സപ്ലിമെന്ററി ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 11 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

................

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് മാസ്റ്റർ ഓഫ് സയൻസ് ഇൻ ബയോഇൻഫർമാറ്റിക്സ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ പത്തു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1440/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**